# മന്ത്രിസഭാ തീരുമാനങ്ങൾ - 04-06-2008

1. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള അറുപതിനായിരം കോടി രൂപയുടെ കടാശ്വാസ പദ്ധതി ഒരു വിഭാഗം കൃഷിക്കാർക്ക് ആശ്വാസമാണെങ്കിലും വലിയൊരു വിഭാഗം കൃഷിക്കാർക്ക് സഹായകമല്ല. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് മത്സ്യ തൊഴിലാളികൾ, ക്ഷീര കർഷകർ എന്നിവർക്ക് ആശ്വാസ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് ആ വിഭാഗത്തിനുകൂടി പദ്ധതിയുടെ പ്രയോജനം കിട്ടത്തക്കവിധം നിർദ്ദേശങ്ങളിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. 2008 ഫെബ്രുവരി 29നകം അടച്ചു തീർത്ത കടങ്ങൾക്ക് ആനുകൂല്യം ലഭ്യമല്ല എന്നതുകൊണ്ട് യഥാസമയം വായ്പ അടച്ച കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതിരിക്കുന്നതുമൂലം വലിയൊരു വിഭാഗം കൃഷിക്കാർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല. അതുകൊണ്ട് പദ്ധതിയുടെ മാർഗ്ഗ രേഖയിൽ ആവശ്യമായ മാറ്റം വരുത്തണമെന്നും അതിനായി കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിക്കണമെന്നും തീരുമാനിച്ചു. ഇപ്പോഴത്തെ നിർദ്ദേശം അനുസരിച്ച് കടാശ്വാസ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജൂൺ 30നകം ഇതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2. അന്തർ ദേശീയ നിലവാരമുള്ള സംസ്ഥാന ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രവർത്തനം ആരംഭിയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്

3. മത്സ്യ തൊഴിലാളി മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ നിലവിലുള്ള തീരദേശ വികസന ഏജൻസിയെ തീരദേശ വികസന കോർപ്പറേഷനായി പുനർ രൂപീകരിക്കാൻ തീരുമാനിച്ചു.

4. അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനായി പദ്ധതി രേഖ തയ്യാറാക്കാൻ കൺസൾട്ടന്റ് ആയി ഡലൈറ്റ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിയെ തെരഞ്ഞെടുത്തതിന് അംഗീകാരം നൽകി.

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കാൻ കൺസൾട്ടന്റ് ആയി കൺസൾട്ടിംഗ് എൻജിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തെരഞ്ഞെടുക്കുന്നതിന് അംഗീകാരം നൽകി. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിച്ചത് വലിയ ഭാരമാണ് ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഈ വില വർദ്ധനവ് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനയുടെ രൂക്ഷതയിൽ നിന്നും ജനങ്ങളെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ സെയിൽസ് ടാക്സിൽ ഒരു ഭാഗം ഇളവു ചെയ്യുന്ന കാര്യം സർക്കാർ തീരുമാനിക്കുന്നതാണ്.